വാഹന നികുതി വർദ്ധനവ് പുഃനപരിശോധിക്കാൻ നടപടി

75 (1274) ശ്രീ. ബിനോയ് വിശ്വം :
ശ്രീ. എൻ. രാജൻ :
ശ്രീ. പി. എസ്. സുപാൽ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഇപ്പോഴത്തെ മോട്ടോർ വാഹന നികുതി വർദ്ധന പുനഃപരിശോധനയ്ക്ക് വിധേയമാക്കുമോ ?

ഉത്തരം

പുനഃപരിശോധിക്കാൻ കഴിയില്ല.

മോട്ടോർ വാഹനങ്ങളുടെ നികുതി വർദ്ധന

76 (1275) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മോട്ടോർ വാഹനങ്ങളുടെ നികുതി എത്ര തവണ വർദ്ധിപ്പിച്ചു ;

(ബി) ഏറ്റവും ഒടുവിൽ നികുതി വർദ്ധിപ്പിച്ചതെന്നാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ബസ്സുകളുടെ നികുതി 1-10-2001-ൽ വർദ്ധിപ്പിച്ചു. കൂടാതെ ടൂവീലറുകളും ഓട്ടോറിക്ഷയും ഒഴികെയുള്ള മറ്റു വാഹനങ്ങളുടെ നികുതി വർദ്ധന 1-7-2003 മുതൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(ബി) ഏറ്റവുമൊടുവിൽ 1-4-1998-ൽ ആണ് വാഹന നികുതികൾ മൊത്തത്തിൽ പരിഷ്ക്കരിച്ചത്. അതിനുശേഷം 1-10-2001-ൽ ബസ്സുകൾക്കു മാത്രം ടാക്സ് വർദ്ധിപ്പിക്കുകയുണ്ടായി.

വാഹനങ്ങളിൽ മണ്ണെണ്ണ ഇന്ധനമായി ഉപയോഗിക്കുന്നതു തടയാൻ നടപടി

77 (1276) ശ്രീ. ജോണി നെല്ലൂർ :
ശ്രീ. എ. എൻ. രാജൻ ബാബു :
ശ്രീ. ഉമേഷ് ചള്ളിയിൽ :
ശ്രീ. ഷിബു ബേബി ജോൺ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വാഹനങ്ങളിൽ അനധികൃതമായി മണ്ണെണ്ണ ഇന്ധനമായി ഉപയോഗിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly